# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## വിദ്യാകിരണം



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026

ഗവ :എ എസ് എച്ച് എസ് എസ് സ്കൂൾ

പുത്തൻതുറ ,നീണ്ടകര പി . ഒ., ചവറ

ചവറ ഉപജില്ല

കൊല്ലം വിദ്യാഭ്യാസ ജില്ല

**2025-2026**

# ഉള്ളടക്കം


1. ആമുഖം
2. കാഴ്ച്ചപ്പാട്
3’ പൊതു ലക്ഷ്യങ്ങൾ
4 അക്കാദമിക പ്രവർത്തനങ്ങൾ
5’ പ്രവർത്തനവിശദാംശം
6. ഉപസംഹാരം

# ആമുഖം

# ആമുഖം

# ആമുഖം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പൊതുവിദ്യാലയ സംരക്ഷണ പ്രവർത്തനങ്ങൾ പുത്തൻതുറ ജി .എ എസ് എച്ച് എസ് എസിൽ നടന്നു വരുന്നു .മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കുവാൻ കൂട്ടായ ശ്രമം ആവശ്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നത് പൊതുസമൂഹത്തിൻ്റെ ആവശ്യമാണ് .വിദ്യാലയ വികസന പദ്ധതികൾ തയ്യാറാക്കൽ ,സ്മാർട്ട് ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ്സ് മുറികൾ ,ഭാഷാ -ശാസ്ത്ര പഠനത്തിനായി പ്രത്യേക പദ്ധതികൾ ,ജൈവ വൈവിധ്യ ഉദ്യാനം എന്നി പ്രവർത്തനങ്ങളിൽ പലതും ഏറ്റെടുത്തുനടത്തുവാൻ സ്കൂൾ പി ടി എ, എസ്എംസി പൊതുസമൂഹം,പൂർവവിദ്യാർഥി സംഘടനകൾ എന്നിവ മുന്നോട്ട് വന്നുകഴിഞ്ഞു .സുസ്ഥിരവും, പുരോഗമനോന്മുഖവുമായ വിദ്യാഭ്യാസം ഈ നാടിന്റെ ലക്ഷ്യമാണ് .ഈ നാട്ടിലെ മുഴുവൻ കുട്ടികളും പൊതുവിദ്യാലയമായ നമ്മുടെ സ്കൂളിനെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ബഹുജനമുന്നേറ്റം ഞങ്ങൾ ആഗ്രഹിക്കുന്നു . കാലത്തിനനുസരിച്ചു ഭൗതിക ,,അക്കാദമിക ,സാംസ്‌കാരിക രംഗങ്ങളെ മാറ്റിയെടുക്കാൻ വ്യക്തതമായ കാഴ്ച്ചപ്പാടോടെ ഞങ്ങളുടെ വിദ്യാലയം അണിചേർന്നു .ഇന്ത്യയുടെ തെക്കുപടിഞ്ഞാറെഅറ്റത്തു സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനത്തിൽ ,കൊല്ലം ജില്ലയുടെ തെക്കുപടിഞ്ഞാറ് അറബികടലിന്റെ തീരത്തോട് ചേർന്ന് കരുനാഗപ്പള്ളി താലൂക്കിലെ നീണ്ടകര പഞ്ചായത്തിന് ചരിത്രപരമായി വളരെ പ്രാധാന്യമുണ്ട് . പോർച്ചുഗീസുകാർ 16 ാം നൂറ്റാണ്ടിൽ വാണിജ്യാവശ്യത്തിനായി തമ്പടിച്ചിരുന്നതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു .അറബിക്കടലും ,,അഷ്ടമുടിക്കായലും ഇരുവശമുള്ള നീണ്ടകരപാലത്തിന് അഞ്ച് കിലോമീറ്റർ വടക്ക് നാഷണൽ ഹൈവേ യുടെ പടിഞ്ഞാറുവശം ഗവ അരയസേവ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നു ജി എ എസ് എച് എസ് എസ് പ്രീപ്രൈമറി മുതൽ +2 വരെ ക്ലാസുകൾ നടക്കുന്നു .പ്രീപ്രൈമറി വിഭാഗത്തിൽ 10 വിദ്യാർത്ഥികളും ഒരു പ്രീപ്രൈമറി അധ്യാപികയും ഒരു ആയയും ആണിപ്പോൾ ഉള്ളത് .പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ നടക്കുന്നു- .പ്രൈമറി തലത്തിൽ 47 വിദ്യാർത്ഥികളും 4 അധ്യാപകരും അപ്പർ പ്രൈമറി വിഭാഗത്തിൽ 55 വിദ്യാർത്ഥികളും 3 അധ്യാപകരും ഹൈസ്കൂൾ തലത്തിൽ 84 വിദ്യാർത്ഥികളും 5 അധ്യാപകരും ആണുള്ളത് .ഹൈസ്കൂൾ വിഭാഗം ഓഫിസിൽ ഒരു ക്ലാർക്ക് ,രണ്ട് ഓഫീസ് അറ്റൻഡൻ്റ് ഒരു എഫ് ടി എം ഉം ഉൾപ്പെടുന്നു .സ്കൂൾ വിഭാഗം ഉച്ചഭക്ഷണം ഒരു പാചകത്തൊഴിലാളിയുടെ സഹായത്താൽ നടന്നുവരുന്നു .

# സ്കൂൾ ചരിത്രം

ബൃഹത്തായ ചരിത്രം അവകാശപ്പെടാൻ കഴിയുന്ന വിദ്യാലയമാണ് ഗവൺമെന്റ് അരയസേവാ ഹയർ സെക്കന്ററി സ്കൂൾ . തിരുവിതാംകൂറിലെ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച സമിതി തിരുവിതാംകൂറിൽ ആയിരം സ്കൂളുകൾ സ്ഥാപിക്കാനുള്ള റിപ്പോർട്ട് നൽകി .അതിൻപ്രകാരം 1930 ൽ ഈ വിദ്യാലയം സ്ഥാപിച്ചു .ഇതിനാവശ്യമായ 15 സെന്റ് വസ്തു വിട്ടുകൊടുത്തത് ബഹുമാന്യരായ വളവിൽ കേശവൻ ,നാണു ,ഗോപാലൻ എന്നിവരാണ് .സാമൂഹിക പ്രവർത്തകനും അരയസമാജം പ്രസിഡന്റുമായിരുന്ന മൂത്ത കൊച്ചു അരയൻ ആണ് സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് .ആദ്യകാലത്തു ഈ സ്കൂൾ മൂത്തകൊച്ചു അരയൻ പ്രൈമറി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത് .

1950 കാലയളവിൽ ശ്രീ ശങ്കരപ്പിള്ള പ്രഥമാധ്യാപകനായിരിക്കെയാണ് ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തത് .അന്ന് മുതൽ ഇത് ഗവ .അരയസേവാ ലോവർ പ്രൈമറി സ്കൂൾ എന്നറിയപ്പെട്ടു .1963 -64 കാലഘട്ടത്തിൽ സമുന്നതനായ നേതാവ് ആർ ശങ്കർ വിദ്യാഭ്യാസ മന്ത്രിയായിരിയ്ക്കേ സ്കൂൾ അപ്പർ പ്രൈമറിയായി ഉയർത്തി. നാൽപ്പത് സെന്റ് വസ്തുവിൽ ഒരു അപ്പർ പ്രൈമറി സ്കൂളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം എടുത്തു പറയത്തക്കതായിരുന്നു .മത്സ്യ തൊഴിലാളികൾക്ക് അവരുടെ പ്രാഥമിക വിദ്യാഭ്യാസം കൈവരിക്കുന്നതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് വളരെയേറെയാണ് .ഈ സ്കൂൾ സ്ഥാപിതമായതിനാൽ പിന്നെ ഏകദേശം 7 കിലോമിറ്ററോളം കാൽനടയായി യാത്ര ചെയ്ത് പ്രാഥമിക വിദ്യാഭ്യാസം നേടുക എന്നത് ഒഴിവായി .ഈ പഞ്ചായത്തിൽ മറ്റ് ഗവൺമെന്റ് ഹൈസ്കൂളുകൾ ഇല്ലാത്തതിനാൽ 2010 ൽ സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു .2013 മാർച്ചിൽ ആദ്യ ബാച്ച് എസ് എസ് എൽ സി പരീക്ഷ 100% വിജയത്തോടെ പാസ്സായി .

ഒരു പഞ്ചായത്തിൽ ഒരു ഗവ .സ്കൂളെങ്കിലും ഹയർ സ്കൂളിനെ 2014 ൽ ഹയർ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തു .സയൻസ് ബാച്ച് ആണ് ആദ്യം അനുവദിച്ചത് .2015 ൽ കോമേഴ്സ് ബാച്ചും അനുവദിച്ചു സെക്കന്ററി സ്കൂളാകണമെന്ന ആവശ്യം പരിഗണിച്ചു ഈ.2016 മാർച്ചിൽ ആദ്യ ഹയർ സെക്കന്ററി ബാച്ച് 70%വിജയത്തോടെ പുറത്തിറങ്ങി .2017 ഓഗസ്റ്റ് വരെ ഹൈ സ്കൂൾ പ്രഥമാധ്യാപകന് ചുമതല നൽകികൊണ്ട് ഹയർ സെക്കന്ററി വിഭാഗം പ്രവർത്തിച്ചുവന്ന .2017 ആഗസ്റ്റിൽ ശ്രീമതി ഷീലാകുമാരി എം പി ആദ്യ പ്രിൻസിപ്പലായി ചുമതലയെടുത്തു .മികച്ച വിജയത്തിനായി കഠിന പ്രയത്നം നടത്തുന്നു .

# സ്ഥിതി വിവരകണക്ക്

L P വിഭാഗം

ആൺകുട്ടികൾ - 24

പെൺകുട്ടികൾ -23

U P വിഭാഗം

ആൺകുട്ടികൾ - 25

പെൺകുട്ടികൾ - 30

H S വിഭാഗം

ആൺകുട്ടികൾ - 45

പെൺകുട്ടികൾ - 39

HSS -വിഭാഗം

ആൺകുട്ടികൾ -

പെൺകുട്ടികൾ -

ഹൈ സ്കൂൾ തലം വരെ അധ്യാപകർ - 12

ഹയർ സെക്കന്ററി അധ്യാപകർ - 12

പ്രിൻസിപ്പൽ - ഷംനാദ് ,എസ്

എച്ച് എം - രഞ്ജിനി ഒ.എ

സ്കൂൾ പ്രൊഫോർമ

വിദ്യാലയത്തിന്റെ പേര് - ഗവ എ എസ് എച്ച് എസ് എസ്
പുത്തൻതുറ

വിലാസം - ഗവ .എ എസ് .എച്ച് .എസ് എസ്
പുത്തൻതുറ ,പുത്തൻതുറ .പി .ഒ
നീണ്ടകര , കൊല്ലം
9495408481

ഫോൺ -
ഇ -മെയിൽ - govt.ashs@gmail.com
സ്കൂൾ കോഡ് - 41112
എച്ച് എസ് എസ് കോഡ് - 2134
യുഡൈസ് കോഡ് - 32130400616
റവന്യൂ ജില്ല - കൊല്ലം
വിദ്യാഭ്യാസ ജില്ല - കൊല്ലം
ഉപജില്ല - ചവറ
ലോക്സഭാമണ്ഡലം - കൊല്ലം
നിയമസഭാ മണ്ഡലം - ചവറ
ബ്ലോക്ക് പഞ്ചായത്ത് - ചവറ
താലൂക്ക് - കരുനാഗപ്പള്ളി
തദ്ദേശസ്വയംഭരണ സ്ഥാപനം - നീണ്ടകര പഞ്ചായത്ത്
വാർഡ് - 13
സ്കൂൾ ഭരണവിഭാഗം - ഗവൺമെന്റ് സ്കൂൾ തലം
- -2 മുതൽ +2
മാധ്യമം - മലയാളം ,ഇംഗ്ലീഷ്

# വിദ്യാലയ മികവുകൾ

സാംസ്കാരികവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 2024 -25 അധ്യായന വർഷത്തിൽ വിദ്യാലയത്തിന് കഴിഞ്ഞു

തുടർച്ചയായ ആറാം വർഷവും എസ് എസ് എൽ സി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടി അഭിമാനാർഹമായ നേട്ടമാണ് വിദ്യാലയം കൈവരിച്ചത് .
12 -05 -2025 തന്നെ അധ്യാപകർക്ക് ചുമതലകൾ വിഭജിച്ച് നൽകുകയും ക്ലബ്ബ്കൾ രൂപീകരിക്കുകയും ചെയ്തു . ജൂൺ 2ന് പ്രൗഢഗംഭീരമായ പ്രവേശനോത്സവത്തോടു കൂടി പുതിയ അധ്യായന വർഷത്തിന് തുടക്കം കുറിച്ചു .

കുട്ടികളുടെ കഴിവുകൾ കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ കഴിവുകളും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം തുടങ്ങി വായനവാരത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു .കുട്ടികളുംരക്ഷിതാക്കളും ഒന്നിക്കുന്ന അമ്മവായന ,രചനാമത്സരങ്ങൾ ,ചിത്രരചനാ മത്സരങ്ങൾ തുടങ്ങിയ മത്സര ഇനങ്ങൾ സംഘടിപ്പിച്ചു .വിജയികൾക്ക് സമ്മാനദാനവും നടത്തി. തുടർപ്രവർത്തനങ്ങളിലൂടെ പഠനത്തെയും സർഗാത്മകതയെയും കോർത്തിണക്കി ആസ്വാദ്യകരമായ പഠനാന്തരീക്ഷവും മാതൃഭാഷാശേഷി വികാസവും സാധ്യമായി .

വിദ്യാലയത്തിലെ ഒരു കുട്ടിക്ക് പോലും വായനയും എഴുത്തും അപ്രാപ്യമാകരുതെ
ന്ന ലക്ഷ്യത്തോടെ അക്ഷരകളരിയ്ക്ക് രൂപം നൽകി . അധികസമയം കണ്ടെത്തി പരിശീലനം ആരംഭിച്ചു .ശാസ്ത്രരംഗത്തിൽ സയൻസ് വിഭാഗത്തിൽ ഉപജില്ലയിലും ജില്ലാതലത്തിലും കുട്ടികൾ മികവ് പ്രകടിപ്പിച്ചു .ശാസ്ത്രരംഗത്തിൽ ഗണിതാശയവതരണത്തിന് 2024 -25 ൽ സബ് ജില്ലാ തലത്തിൽ മികവ് പുലർത്തി .

Little kites,YIP, LSS, USS, NMMS തുടങ്ങിയവയുടെ പരിശീലനം അധ്യാപകർ നൽകിവരുന്നു .

2024-25 - L S S എക്സാമിന് മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞു .
വിജയികളായവർ -ദക്ഷ J ,നിരഞ്ജന
അനൂപ് ,ആദിത്യൻ ,ജോയൽ ,ലിജോ ,V S സഹസ്ര ,ദിയ
സാജൻ ,ആദിരാജ് U ,കാശിനാഥൻ S

U S S വിജയികൾ -സൂര്യജിത്ത് R

S S L C പരീക്ഷയ്ക്ക് 100 %വിജയം നേടുവാൻ കഴിഞ്ഞു 28 കുട്ടികളിൽ 6 കുട്ടികൾക്ക് ഫുൾ A+ ലഭിച്ചു

ഐ ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ,കുട്ടികളിൽ നേതൃത്വ പാടവം വളർത്തുക ,അടിയന്തര സാഹചര്യങ്ങളെ നേരിടാനുള്ള ശേഷി ഉളവാക്കുക, പൊതു നന്മയ്ക്കായി പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ജെ ആർ സി ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുന്നു .

8,9,10 ക്ളാസുകളിൽ പഠനപിന്നോക്കവസ്ഥയിലുള്ള ശ്രദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു.10ാം ക്ളാസിലെ കുട്ടികൾക്ക് രാവിലെയും വൈകുന്നരവും കളാസെടുക്കാൻ തിരുമാനിച്ചു.ഗണിതത്തിൽ പിിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനക്രിയകളും ജ്യാമിതീയരൂപങ്ങളുടെ നിർമ്മിതിയിലുള്ള പരിശീലനം നൽകിവരുന്നു.

മധുരം മലയാളം ,സുരീലി ഹിന്ദി തുടങ്ങിയ പദ്ധതിയിലൂടെ കുട്ടികളിൽ ഭാഷാപരമായ മികവ് വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കലോത്സവവേദിയിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു .നാടോടി
നൃത്തം ,മോണോആക്ട് ,സംഘ
നൃത്തം ,ഭരതനാട്യം ,സംഘഗാനം ,പദ്യപാരായണം തുടങ്ങിയവയിൽ കുട്ടികൾ മികവ് പുലർത്തി .വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി B R C യുടെ നേതൃത്വത്തിലുള്ള Budding writers ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു .

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കിയാലേ വിദ്യാലയ മുന്നേറ്റം സാധ്യമാകൂ. പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട് വിദ്യാർത്ഥി സംഘടനയുമായി സഹകരിച്ച് സ്കൂൾ ലൈബ്രറി നവീകരിക്കാൻ സാധിച്ചു .

ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെയും ചിത്രങ്ങളുടെയും നിർമ്മാണ സാമഗ്രികളുടെയും

പ്രദർശനം സംഘടിപ്പിച്ചു .സാമൂഹിക പങ്കാളിത്തം ഉറപ്പാക്കി കുട്ടികളുടെ നേതൃത്വത്തിൽ നടന്ന മികവാർന്ന പ്രവർത്തനമായിരുന്നു .

2025-26

8,9,10ക്ലാസ്സുകളിലെ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശ്രദ്ധ പദ്ധതിയിലുൾപ്പെടുത്തി പരിശീലനം ആരംഭിച്ചു .പത്താം ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും ക്ലാസ്സെടുത്തുവരുന്നു .ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ക്രിയകളും ജ്യാമിതീയ രൂപങ്ങളുടെ നിർമിതിയിലുള്ള പരിശീലനം നൽകി വരുന്നു .

പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകി കൊണ്ട് ആരോഗ്യം കാത്തു സൂക്ഷിക്കുന്നു .Millet day ,food fest തുടങ്ങിയവ സംഘടിപ്പിച്ചു .തുടർന്നും മെച്ചപ്പെട്ട രീതിയിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

മാലിന്യമുക്ത ക്യാമ്പ് സ്കൂളിന്റെ മറ്റൊരു നേട്ടമാണ്.കുട്ടികളുടെ നേതൃത്വത്തിൽ രൂപീകരിച്ച ശുചിത്വ സേന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു .

*കുട്ടികളിൽ ആത്മവിശ്വസം ജനിപ്പിക്കുന്ന 12 ദിവസം നീണ്ടുനിൽക്കുന്ന കരാട്ടെ പരിശീലനം ടീച്ചേഴ്സ് ,MPTA,SMC എന്നിവയുടെ സാന്നിദ്ധ്യത്തിൽ നടന്നു .

*ദേശീയ പാലിയേറ്റ് വാരാചരണത്തിന്റെ ഭാഗമായി എച്ച് .എം ,കൗൺസിലിംഗ് ടീച്ചർ ,കുട്ടികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി .

*ലഹരിവിരുദ്ധ ബോധവത്കരണ ക്ളാസ്സ് കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകുന്നുണ്ട് .

*പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഭവന സന്ദർശനം നടന്നു വരുന്നു .

**പ്രീ പ്രൈമറി അന്താരാഷ്ട്ര നിലവാരത്തിലേക്ക്**

LKG ,UKG കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ BRC യുടെ ഫണ്ട് ഉപയോഗിച്ച് വർണ്ണകൂടാരം പൂർത്തിയാക്കി .അതിന്റെ ഉദ്ഘാടനം M ശ്രീ സുജിത് വിജയൻപിള്ള നിർവഹിച്ചു .വരും വർഷങ്ങളിൽ

കുട്ടികളെ ആകർഷിക്കുന്ന രീതിയിലും അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്ന പഠന അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം .പ്രിൻസിപ്പാൾ .പി ടി എ .എസ് എം സി .പ്രീ പ്രൈമറി .പ്രൈമറി അധ്യാപകരുടെ സംയോജിതമായ സഹകരണം ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഏറെ സഹായകമായി .

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകപരിഗണനകൾ നൽകി മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളും നടന്നു .അസംബ്ലിയിലും ക്ലാസ്സ് തല പ്രവർത്തനങ്ങളിലും പങ്കാളികളാക്കി ആത്മവിശ്വാസമുള്ളവരാക്കി മാറ്റി .ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി . തൊട്ടടുത്തുള്ള പ്രൈമറിസ്കൂളിലെ കുട്ടികൾക്ക് ലിറ്റിൽകൈറ്റ്സ് കുട്ടികളുടെ സേവനം ഉറപ്പ് വരുത്തുന്നു.

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കിയ അക്കാദമികവും അക്കാദമികേതരവുമായ ഈ വർഷത്തെ പ്രവർത്തനങ്ങളെല്ലാം വിദ്യാലയ മികവ് ഉയർത്തിക്കാട്ടി . വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതായിരുന്നു അത്. പൊതുവിദ്യാലയങ്ങളുടെ പ്രാധാന്യവും മികവും പൊതുസമൂഹത്തിലേയ്ക്ക് എത്തിക്കാൻ വിദ്യാലയ പ്രവർത്തനങ്ങളിലൂടെ സാധിച്ചു .അധ്യാപകരുടെയും കുട്ടികളുടെയും ആത്മവിശ്വാസം വർധിച്ചു .മികച്ച വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു .

കുട്ടികളുടെ മികവാർന്ന പഠനത്തിനു അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും വിദ്യാലയത്തിനു ആവശ്യമായ തോതിൽ ലഭിക്കുന്നതിനായി PTA,SMC ,MPTA, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സഹായ സഹകരണം ലഭിക്കുന്നുണ്ട് .സ്കൂൾ വികസന സമിതി മാസത്തിലൊരിക്കൽ സ്കൂൾ തല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു .പുത്തൻതുറ സ്കൂളിനെ മാതൃക സ്കൂളായി മാറ്റുന്നതിനായി ഇനിയും പല മേഖലകളിൽ നിന്നും സഹായ സഹകരണങ്ങൾ ആവശ്യമായിട്ടുണ്ട് .ഇത് മികവിന്റെ കേന്ദ്രമായി സ്കൂളിനെ മാറ്റാൻ സഹായിക്കുന്നു

# കാഴ്ചപ്പാട്

പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.കമ്പ്യൂട്ടർറും,ലൈബ്രറി,HSS ക്ളാസ് റൂമുകൾ ,ഓഫീസ് റൂം ,ലാബുകൾ ഇവ ഉൾപ്പെടുത്തി പുതിയ കെട്ടിടവും ഓവിഭാവന ചെയ്തിരിക്കുന്നു.ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവും ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതായിരിക്കും വിദ്യായന്തരീക്ഷം.

ഹരിതപരിസരം : കെട്ടിടങ്ങളുടെ പടിഞ്ഞാറ് വശത്തായി,ജൈവവൈവിധ്യ ഉദ്യാനം ചെറിയ കുളം,ഹരിതപാതകൾ,ഉദ്ദേശിച്ചിരിക്കുന്നുപന്തലുകൾ,ശലഭപാർക്ക് ഇവ ഉദ്ദേശിച്ചിരിക്കുന്നു. ഇവിടെ വിദ്യാർത്ഥികൾക്കായി പ്രകൃതിക്കനുയോജ്യമായി ഇരിപ്പിട സൗകര്യങ്ങൾ ഉൾപ്പെത്തും.

സുരക്ഷിത പരിസരം: പ്രധാന കവാടങ്ങളിൽ സെക്യൂരിറ്റി ഉൾപ്പെടെ പ്രവേശന നിയന്ത്രണം,സി.സി.ടി.വി ക്യാമറ,സന്ദർക രജിസ്റ്റർ,പാർക്കിംഗ് സൗകര്യം,അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഇവ ഉൾപ്പെടുത്തും.ക്ളാസ്മുറികളിൽ സി.സി.ടി.വി ക്യാമറ,ഫസ്റ്റ് എയ്ഡ്റൂം ഇവ ഉൾപ്പെടുത്തും.

ക്ളാസ്റൂം: ഹൈടെക് ക്ളാസ് റൂമുകൾ ,ക്ളാസ് റൂം,ലൈബ്രറി,വിസ്മയച്ചുമര്,ഗണിതമൂല,വായനമൂല,ബുള്ളറ്റിൻ ബോർഡ്.

കലാരംഗം: ചിത്രരചന,സംഗീതം,നാടകം,WE,ഇവയ്ക്ക് പ്രത്യേകസൗകര്യവും ഒരുക്കും.

ആരോഗ്യരംഗം: കൗൺസിലിംഗ് റൂമുകൾ,സ്കൂൾ ഹെൽത്ത് റൂം,വിശ്രമ മുറി ഇവയും ഉൾപ്പെടുത്തും.

**School radio club,online school wiki,portfolio,Schoolblog** ഇവ ഉൾപ്പെടുത്തും

പോഷകാഹാരവിതരണം: വൃത്തിയുള്ളതും അത്യാധുനിക സംവിധാനത്തോടുകൂടിയ അടുക്കള,കുട്ടികൾക്കൊരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർ റൂമുകൾ ഇവയും ഉൾപ്പെടുത്തി പോഷകാഹാരവിതരണം മെച്ചപ്പെട്ടതാക്കുന്നു.

കുടിവെള്ള വിതരണം ശൗചാലയ സംവിധാനവും

ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ലഭിക്കിന്നതിന് വേണ്ടിയുള്ള സൗകര്യം എല്ലാ കെട്ടിടങ്ങളുലും ഉണ്ട്.

വൃത്തിയുള്ള ശൗചാലയം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിനിർമ്മിക്കുന്നു.

ആകർഷകമായ ചുറ്റുമതിലും കവാടവും നിർമ്മിക്കുന്നു.

ഭൗതിക സാഹചര്യങ്ങൾ മെച്ചമാകുമ്പോൾ തന്നെഅക്കാഡമിക് രംഗങ്ങൾ മെച്ചമാക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. ഈരംഗങ്ങളിലുള്ള മെച്ചപ്പെടൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർധനയ്ക്ക് കാരണമാകുന്നു.അപ്പോൾ കലാകായിക ഇംഗ്ളീഷ് വിദ്യാഭ്യാസത്തിനുള്ള സ്ഥിരം അധ്യാപകരെ ലഭിക്കുകയും കുട്ടകളുടെ സർഗാത്മക വാസനകൾ പരിപോഷിപ്പിക്കാൻ സാധിക്കുകയും ചെയ്യും.

മെച്ചപ്പെട്ട അടുക്കളയും, ഡൈനിംഗ് ഹാളും, ജൈവവൈവിദ്ധ്യോദ്യാനം, പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർത്ഥകൾക്കായുള്ള സൗകര്യങ്ങൾ ഇവ മെച്ചപ്പെടുത്തുവാൻ പുതിയ കെട്ടിടം ലഭിക്കുമ്പോൾ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ

- പ്രീ സ്കൂൾ  വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക .
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോക്യാമ്പസുംജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക .
- വായനശാല ലബോറട്ടറി എന്നിവ ആധുനികവത്കരിക്കുക .*
- കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക .
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര  വിദ്യാഭ്യാസം .
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രതേക പരിഗണന ഉറപ്പാക്കും .
- സ്കൂൾ തലത്തിൽ കൊഴിഞ്ഞ്പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും .
- ലഹരി വിരുദ്ധ മനോഭാവം വളർത്തും .
- പ്ലാസ്റ്റിക് ലഹരി മുക്ത ക്യാമ്പസ് ,,കീടനാശിനി മുക്ത ,ലഹരി മുക്തക്യാമ്പസ് എന്നിവ യാഥാർഥ്യമാക്കും
- കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക .
- ക്ലാസ്സ് മുറികൾ ഹൈടെക് ആക്കും .
- സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും .ആകർഷകമാക്കും .
- നിലവാരമുള്ള അധ്യാപക പരിശീലനം .

ഹ്രസ്വ കാല പദ്ധതികൾ

- ജൈവ വൈവിധ്യ ഉദ്യാനം
- വായനശാല ,ലബോറട്ടറി ,നവീകരണം
- ലഹരിമുക്ത ക്യാമ്പസ്
- ഹരിതപരിസരം
- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്സ് മുറികൾ .

റിസോഴ്സ് റൂം എന്ന നിലയിലുള്ള സ്റ്റാഫ് റൂം .

*ദീർഘകാലപദ്ധതികൾ

- ശാസ്ത്രീയമായ പ്രീ സ്കൂൾ വിദ്യാഭ്യാസം
- കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കൽ.
- വിദ്യാലയം കൊഴിഞ്ഞുപോക്കില്ലാത്ത അവസ്ഥയിലേക്ക്
- എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം.

# അക്കാദമിക
# പ്രവർത്തനങ്ങൾ

*പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഓഗസ്റ്റ് മാസം മുതൽ ഈവെനിംഗ് ക്ലാസ് .

*എസ് .എസ് .എൽ .സി കുട്ടികൾക്ക് സെപ്റ്റംബർ മാസം മുതൽ എവെനിംഗ് ക്ലാസ്

*ശ്രദ്ധ പദ്ധതി പ്രകാരം മൂന്നാംക്ലാസ് മുതൽ അക്ഷരം അറിയാത്ത

*കുട്ടികൾക്ക് നിശ്ചിതസമയം ക്രമപ്പെടുത്തി ക്ലാസുകൾ എടുക്കുക .

*എൽ.എസ് .എസ് ,യു എസ് .എസ് ,പരീക്ഷയിൽ കഴിഞ്ഞ അധ്യയന വർഷത്തിൽ 8 ,1 ക്രമത്തിൽ കുട്ടികൾ സ്കോളർഷിപ്പിന് അർഹതനേടി .

*സ്പോർട്സിനു പരിശീലനം കൊടുക്കാൻ കായികാധ്യാപകന്റെ അഭാവംഉണ്ടെങ്കിലും പരമാവധി നിലവിലുള്ള അധ്യാപകർ വേണ്ടത്ര പരിശീലനംനൽകിവരുന്നു സ്പോർട്സ് ,വിവിധമേളകൾ കലോത്സവം എന്നിവക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പരിശീലനം നല്കാൻ തുടക്കത്തിലേ തീരുമാനിച്ചു .

*പത്താംക്ളാസ്സിനു ഡിസംബർ 31 നു മുൻപ് പാഠഭാഗങ്ങൾ തീർത്തു ജനുവരി മുതൽ റിവിഷൻ നടത്താൻ തീരുമാനിച്ചു .

*പുതിയ കെട്ടിടം ലഭ്യമാകുന്ന മുറക്ക് ഐടിസി ട്രെയിനിങ് മികച്ച രീതിയിൽ നല്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു .

*കുട്ടികളുടെ സർഗത്മകത വികസിപ്പിക്കാൻ റേഡിയോ നെല്ലിക്കയും ഇടവേളകളിൽ വിവിധ കലാപരിപാടികൾ മൈക്കിലൂടെ അവതരിപ്പിക്കാനും തീരുമാനിച്ചു.

*വെള്ളിയാഴ്ച ദിവസങ്ങളിൽ ലാസ്റ് പീരീഡ് ഡ്രൈ ഡേ ആചരിക്കുക

*ക്ളാസ്സുകളിൽ അച്ചടക്കം നിലനിർത്താൻ ക്ളാസ് ലീഡേഴ്സിനെ ചുമതലപ്പെടുത്തി

*കുട്ടികളെ കൊണ്ടു ഹരിതോദ്യാനം പച്ചക്കറിത്തോട്ടം എന്നിവ പരിപാലിക്കുന്നു

*സ്കൂൾ സ്ഫേറ്റിയുമായി ബന്ധപ്പെട്ടു അധ്യാപകർക്ക് വിവിധ ചുമതലകൾകൊടുത്തു .എൽ.എസ് .എസ് ,യു .എസ് .എസ് ,എൻ എം എസ് എസ് കുട്ടികൾക്ക് ഓഗസ്റ്റ് മുതൽ പ്രത്യേക പരിശീലനക്ളാസ്സുകൾ നൽകിത്തുടങ്ങി

*കുട്ടികളുടെ സർഗത്മകത വികസിപ്പിക്കാൻ റേഡിയോ നെല്ലിക്കയും ഇടവേളകളിൽ വിവിധ കലാപരിപാടികൾ മൈക്കിലൂടെ അവതരിപ്പിക്കാനും തീരുമാനിച്ചു.

*വെള്ളിയാഴ്ച ദിവസങ്ങളിൽ ലാസ്റ്റ് പീരീഡ് ഡ്രൈ ഡേ ആചരിക്കുക

*ക്ളാസ്സുകളിൽ അച്ചടക്കം നിലനിർത്താൻ ക്ളാസ് ലീഡേഴ്സിനെ ചുമതലപ്പെടുത്തി

*കുട്ടികളെ കൊണ്ടു ഹരിതോദ്യാനം പച്ചക്കറിത്തോട്ടം എന്നിവ പരിപാലിക്കുന്നു

*സ്കൂൾ സ്ഫേറ്റിയുമായി ബന്ധപ്പെട്ടു അധ്യാപകർക്ക് വിവിധ ചുമതലകൾകൊടുത്തു .എൽ.എസ് .എസ് ,യു .എസ് .എസ് ,എൻ എം എസ് എസ് കുട്ടികൾക്ക് ഓഗസ്റ്റ് മുതൽ പ്രത്യേക പരിശീലനക്ളാസ്സുകൾ നൽകിത്തുടങ്ങി

## STD I

### ജൂൺ

- ചിത്ര കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

### ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത
- ദിനാചരണങ്ങൾ ബന്ധപ്പെട്ട വായനകൾ
- SCHOOL LIBRARY, CLASS LIBRARY

### ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു

### സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- സംഭാഷണം ഒരുക്കൽ
- ചോദ്യങ്ങൾ ഉണ്ടാക്കൽ
- രംഗാവിഷ്കാരം ചെയ്യൽ

### ഒക്ടോബർ

- കഥകൾ, സംഭാഷണങ്ങൾ അവതരിപ്പിക്കൽ
- പതിപ്പ് തയ്യാറാക്കൽ

### നവംബർ

- സർഗാത്മക പ്രവർത്തനങ്ങൾ

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിച്ചേരാനുള്ള പ്രവർത്തനങ്ങൾ
- ലേഖന പ്രവർത്തനങ്ങൾ
- വ്യക്തിഗത മാഗസിനുകൾ

## ജനുവരി

- വരികൾ കൂട്ടിച്ചേർക്കൽ- കവിതാരൂപണം- ആലാപനം
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനും അവസരം ഒരുക്കൽ

## ഫെബ്രുവരി

- ഭാഷണം, ലേഖനം, എഴുത്ത്
- സർഗാത്മകതക്കുള്ള അവസരം ഒരുക്കൽ

## മാർച്ച്

- വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ
- മാഗസിൻ തയ്യാറാക്കൽ
- കൈയെഴുത്തു മാസിക
- വീട്ടു വായന, കൂട്ടുവായന , നാട്ടുവായന, അമ്മ വായന ,ചിത്ര വായന

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

ക്ലാസ് - 1

**ലക്ഷ്യങ്ങൾ**

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
2. അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും, വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ കാലം |
|---|---|---|
| സംഖ്യാബോധം | • സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞ്<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ | • അധ്യാപകർ<br>• രക്ഷിതാക്കൾ<br>ജൂൺ |
| ഗണിത കിറ്റ് | • ഗണിത പഠനത്തിന് സഹായകമായ വിധത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ |
| വലിയ സംഖ്യ ചെറിയ സംഖ്യ | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് |
| സങ്കലന ക്രിയകൾ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | • ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ ഉണ്ടാക്കൽ | സെപ്റ്റംബർ ഒക്ടോബർ |

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ കാലം |
|---|---|---|
| സംഖ്യാഗാനങ്ങൾ | • സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു | നവംബർ |
| വർക്ക്ഷീറ്റ് | • My number book തയ്യാറാക്കൽ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് |
| സങ്കലന ക്രിയകൾ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | • ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ ഉണ്ടാക്കൽ | സെപ്റ്റംബർ<br>ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | • സംഖ്യാഗാനങ്ങൾ പാടുന്ന ശേഖരിക്കുന്നു<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു | നവംബർ |
| വർക്ക്ഷീറ്റ് | • My number book തയ്യാറാക്കൽ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | • ഒരക്കസംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>ഉദാ:- 10 – 1 = 9, 10 – 2 = 8<br>10 3 = 7 ............... | ജനുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | • സങ്കലനം, വ്യവകലനം (+, -) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. | ഫെബ്രുവരി |
| ഗണിതകിറ്റ് | • ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• സംഖ്യകളുടെ പകുതി, തുല്യം, തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ | മാർച്ച്<br>" |

# Academic Master Plan

**Class - I**

**Subject - English**

**Aim** - To speak, read and write English without any mistakes.

| Skills | Activities | Support | Month | Financial |
|---|---|---|---|---|
| | • To devolve lisfening skills and reading skills<br>• Description, growing sentences, picture reading riddles, quiz | Teachers<br>Parents | June | |
| Reading Skills | • Reading breaking news<br>• Find words from reading materials<br>• Rhyming words<br>• Describing words from text book | | July<br>Auguest | |
| Writing Skills<br><br>Writing Skills | Activities<br>• Make word web<br>• Picture description<br>• Word chain<br>• Make word web | | September<br>October<br>November<br>December | |
| | • Story telling<br>• Riddles<br>• Coversation | | January<br>February<br>March | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 1**

**വിഷയം : മലയാളം**

**ലക്ഷ്യങ്ങൾ**

→ 'ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക. 'എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള വരാക്കുക.'

→ 'സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.'

→ 'പലതരത്തിലുള്ള പതിപ്പ് രൂപപ്പെടുത്തിയെടുക്കുന്നു.'

→ 'ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുക.

→ പത്രം തയ്യാറാക്കുക.

→ സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | ♦ ചിത്ര വായന<br>- വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>- വായനാമൂല ഒരുക്കൽ<br>- പത്രവായന<br>- വായനക്കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | ♦ ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>- സചിത്ര ബുക്ക്<br>- സംയുക്ത ഡയറി എഴുത്ത്<br>- ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു. എഴുതുന്നു.<br>- ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തുന്നു എഴുതുന്നു.<br>- സാങ്കല്പിക ഡയറി എഴുതുന്നു.<br>- വരികൾ കൂട്ടിച്ചേർക്കുന്നുണ്ട്.<br>- ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 2

**വിദ്യാലയത്തിന്റെ പേര് : Govt. ASHSS Puthenthura**

**അധ്യാപികയുടെ പേര് : Shyni. T**

**രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം :** 9

- എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു. (പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച്)
- എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു. (പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച്)
- എല്ലാ കുട്ടികളും രക്ഷിതാവിന്റെ സഹായത്തോടെ സചിത്രഡയറി തയ്യാറാക്കുന്നു.
- രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
- ആകർഷവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.
- ആശയാവതരണരീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുന്നു.
- സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. രീതി വിശദീകരിക്കുന്നു.
- പരിസര പഠനവുമായി ബന്ധപ്പെട്ട ലഘുനിർമ്മാണ പ്രോജക്ടുകളിൽ ധാരണ നേടുക.
- സചിത്ര നോട്ട്ബുക്കിന്റെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാശേഷികൾ ആർജിക്കുക.

പ്രവർത്തനങ്ങൾ

- പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും)
- ക്ലാസ് P.T.A കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ)
- SRG യോഗത്തിലെ ക്ലാസനുഭവ റിപ്പോർട്ട് അവതരണം
- കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തലും തുടർ പ്രവർത്തനാസൂത്രണവും.
- സചിത്ര നോട്ട് ബുക്ക്, സചിത്ര ആസൂത്രണക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- വായനോത്സവം, രചനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ സ്വായത്തമാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ചു സ്വതന്ത്രരചന<br>❖ കുട്ടികളുടെ സ്വതന്ത്രസർഗാത്മക കഴിവുകളുടെ അവതരണം | - സചിത്രനോട്ട്ബുക്ക് അവലോകനം, പ്രദർശനം<br>- കുഞ്ഞുപുസ്തകങ്ങൾ, വായനകാർഡുകൾ<br>- എന്റെ നാടിനെ കുറിച്ച് വിവരണം എഴുതൽ<br>- ബാലസഭ (സാഹിത്യ സമാജം)<br>- മലയാള മധുരം | ജൂലൈ ആദ്യവാരം | | |
| ❖ സ്വതന്ത്ര്യവും ഭാവാത്മകവുമായ വായന<br>❖ പാട്ടരങ്ങ് - ഈണം, താളം ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. ഭാവാത്മകമായി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് | ജൂലൈ മാർച്ച്<br>ജൂലൈ മാർച്ച് | | |
| ❖ കുട്ടികൾ മികച്ച വായനക്കാരായി മാറുന്നു. | റീഡേഴ്സ് തിയേറ്റർ | ജൂലൈ-മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യഖ്യാനം സ്വായത്തമാക്കുന്നു.<br>❖ സംഖ്യാവബോധം ഉണ്ടാകുന്നു.<br>❖ ഗണിതം രസകരമാവുന്നു.<br>❖ രചനാശേഷി പരിപോഷിപ്പിക്കുന്നു.<br>❖ ഇംഗ്ലീഷ് - ഭാഷാ കൂടുതലായി ഉൾക്കൊണ്ട് സ്വായത്തമാക്കാൻ സാധിക്കുന്നു.<br>❖ രണ്ടക്ക സംഖ്യകളുടെ വ്യാഖ്യാനം<br>❖ ഭാഷാപഠനം അനുഭവാധിഷ്ഠിതമാക്കുന്നു.<br>❖ Comprehend and enjoy simple stories<br>❖ Frame sentences using simple objectives<br>❖ User conjunction and in meaningful contexts.<br>❖ Draw a puppy, kite etc based on the leson and describe it. | ❖ ഗണിത കിറ്റ്<br>❖ ഗണിത മൂല<br>❖ ഗണിതം സചിത്രനോട്ട്ബുക്ക്<br>❖ ക്ലാസ് പത്രം<br>❖ Hello English Adaptation<br>❖ കടയിലേക്ക് പ്രവർത്തനം<br>❖ കലണ്ടർ<br>❖ ഭാഷോത്സവം<br>❖ Story ❖ Song<br>❖ Conversation<br>❖ thought ❖ description<br>❖ role play<br>❖ concept maps<br>❖ drawing vergetables fruits etc.<br>❖ reading cards<br>❖ riddles<br>❖ making a puppy, a kite etc based on the lesson | ജൂൺ<br><br>ജൂൺ - മാർച്ച്<br><br>ഓഗസ്റ്റ് - മാർച്ച്<br><br>എല്ലാ ശനി ദിവസങ്ങളിലും | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ Identifying natural objects - tree - fire wind, cloud, rain etc.<br>❖ Describes things in oral and written form.<br>❖ Sequences the events of a story write simple conversation | ❖ identifying the colours in rainbow.<br>❖ drawing, colouring and describing a bird, puppy, tree kite, etc.<br>❖ Participate in theatre games. | | | |

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യമായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | * അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>* പ്രവേശനോത്സവദിനം<br>* ക്ലാസ്സ് പി.റ്റി.എ. തീയതികൾ<br>* നിർവഹണ ഉദ്ഘാടനം<br>* പഠനോപകരണം നിർമ്മാണ ശില്പശാല<br>* ക്ലാസ്സ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം<br>* ഡോക്യുമെന്റേഷൻ തുടക്കം | * എന്റെ കേരളം<br>* ഒരു അവധിക്കാലത്ത്<br>* Bruno the puppy | 20 |
| ജൂലൈ | * പഠനോപകരണം നിർമ്മാണ ശില്പശാല 2<br>* സംയുക്ത ഡയറി ആരംഭിക്കൽ<br>* CPTA യോഗം വിലയിരുത്തൽ | * എന്റെ കേരളം<br>* കുട്ടിപ്പുര<br>* ഒരു അവധിക്കാലത്ത്<br>* കളിവീട്<br>* Flying kites | 20 |
| ആഗസ്റ്റ് | * പഠനോപകരണ നിർമ്മാണ ശില്പശാല 3<br>* രചനോത്സവം<br>* പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ്സ് പി.റ്റി.എ.യിൽ കുട്ടികളുടെ തൽസമയം പ്രകടനങ്ങൾ<br>* വായനോത്സവം | * കുട്ടിപ്പുര<br>* നാടിനെ രക്ഷിച്ച വീരബാഹു<br>* കളിവീട്<br>* അധികമായാൽ<br>* The Mother Tree | 15 |
| സെപ്റ്റംബർ | * കഥകൾ, സംഭാഷണങ്ങൾ അവതരണം<br>* ഡയറി എഴുത്ത് | * നാടിനെ രക്ഷിച്ച വീരബാഹു<br>* അധികമായാൽ | 20 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യമായ ദിനങ്ങൾ |
|---|---|---|---|
| ഫെബ്രുവരി | * ആഹാരശീലങ്ങൾ കടംകഥകൾ കുട്ടിപ്പാട്ടുകൾ<br>* Drawing by Instruction | * അറിഞ്ഞു കഴിക്കാം<br>* അന്നും ഇന്നും<br>* The First Flight<br>* ഹായ് എന്തു രുചി | 20 |
| മാർച്ച് | * പഠനനേട്ടങ്ങൾ ക്ലാസ് തല വിലയിരുത്തൽ<br>* അമ്മയുമൊത്തു കുട്ടിയും | * The First Flight<br>* ഒരു യാത്രയും ഒത്തിരി കാര്യങ്ങളും | 15 |

## ക്ലാസ്സ് - 3

## വിഷയം ഗണിതം

ആസ്വദിച്ചു പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും, സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തു കൊണ്ടാണ് ഗണിത പഠനം മൂന്നാം ക്ലാസ്സിൽ ചിട്ടപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ യുക്തി ചിന്ത, വിശകലനാത്മകത, പ്രശ്ന പരിഹാരശേഷി എന്നിവ രൂപപ്പെടാൻ ജ്യാമിതി സഹായകമാണ്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠനം ലക്ഷ്യം വയ്ക്കുന്നു.

**ജൂൺ - ജൂലൈ**

- ❖ യൂണിറ്റ് - 1, രൂപങ്ങൾ വരയ്ക്കാം.
- ❖ ജ്യാമീതിയ രൂപങ്ങൾ തിരിച്ചറിയൽ
- ❖ ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ
- ❖ തോരണം നിർമ്മാണം, തോണി നിർമ്മാണം
- ❖ വെജിറ്റബിൾ പ്രിന്റിംഗ്
- ❖ ചതുരം, വട്ടം, ത്രികോണം എന്നിവ ചേർത്ത് വച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

# ക്ലാസ്സ് - 3

## മലയാളം

**ലക്ഷ്യങ്ങൾ**

- ❖ സംഘ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- ❖ കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- ❖ രചനകൾ ഭാവാത്മകമായി വായിക്കും.
- ❖ ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്) പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- ❖ ലഘുവായ സർഗാത്മക രചനകൾ നടത്തും.
- ❖ കഥകളെയും കവിതകളെയും മറ്റു നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ❖ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

**മുന്നൊരുക്കങ്ങൾ**

**ജൂൺ - ജൂലൈ**

**1. കനകച്ചിലങ്ക**

- ❖ നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരി ഉള്ളത്)
- ❖ പഴഞ്ചൊല്ലുകൾ ശേഖരണം
- ❖ കഥാശേഖരം - ക്ലാസ്സ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- ❖ നാടൻപാട്ടിലെയും കവിതയിലെയും താളം
- ❖ കഥോത്സവം

- കടങ്കഥകൾ ശേഖരണം
- കലാകാരനുമായി അഭിമുഖ സംഭാഷണം
- കലാരൂപങ്ങളുടെ വേഷവിധാനം (ചിത്ര ശേഖരണം - ആൽബം)
- പാവനാടകത്തെ അടുത്തറിയാം - ശില്പശാല

ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.
- നാടകശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചകകുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം
- ശുചിത്വ വിദ്യാലയം പരിപാടി തയ്യാറാക്കൽ

ഒക്ടോബർ

- മനുഷ്യന്റെ കൈകൾ
- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകളുടെ അവതരണം
- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം
- നാടൻ പാട്ട് ശില്പശാല

ലക്ഷ്യം : 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തും.

| നം. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി - മാർച്ച് | **ഫീൽഡ് ട്രിപ്പ്**<br>* നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്) |
| 2 | ഡിസംബർ - ഫെബ്രുവരി | **പരീക്ഷണങ്ങൾ**<br>* ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | **ശാസ്ത്രജ്ഞനോടൊപ്പം**<br>* ക്യാമ്പ്<br>* മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി - മാർച്ച് | **പക്ഷി നിരീക്ഷണം**<br>* ക്യാമ്പ്<br>* പക്ഷി നിരീക്ഷണത്തിന് അവസരം |

**ലക്ഷ്യം : 3**

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തും.

| നം. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി - മാർച്ച് | **ഫീൽഡ് ട്രിപ്പ്**<br>* നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്) |
| 2 | ഡിസംബർ - ഫെബ്രുവരി | **പരീക്ഷണങ്ങൾ**<br>* ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | **ശാസ്ത്രജ്ഞനോടൊപ്പം**<br>* ക്യാമ്പ്<br>* മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി - മാർച്ച് | **പക്ഷി നിരീക്ഷണം**<br>* ക്യാമ്പ്<br>* പക്ഷി നിരീക്ഷണത്തിന് അവസരം |

ക്ലാസ് : 4 മലയാള ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA | PTA ഫണ്ട് |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതി മാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

ക്ലാസ് : 4 മലയാള ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA | PTA ഫണ്ട് |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതി മാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

## ക്ലാസ് : 4 ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം...ഗണിക്കാം** | | | | |
